**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1892** **08-02-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്തെ സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | വഖഫ് ബോർഡിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിൽ നിന്ന് പെർമിസീവ് സാംങ്ഷൻ നൽകാൻ സാധിക്കുമോയെന്നും എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (എ) | വഖഫ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 2019 ലെ കേരള സ്റ്റേറ്റ് വഖഫ് റൂൾസിലെ ചട്ടം 98 പ്രകാരം വഖഫ് ബോർഡിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതുണ്ട്. വഖഫ് വസ്തുവിലെ ഏത് തരത്തിലുള്ള കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും വരുത്തേണ്ടത് ബോർഡിൽ നിന്നുള്ള മുൻകൂർ അനുമതിയോടെ മാത്രമാണ്. വഖഫ് വസ്തുവിലെ നിർമ്മാണം സംബന്ധിച്ചുള്ള പ്ലാനും, എസ്റ്റിമേറ്റും സഹിതം വഖ്ഫ് മുതവല്ലി ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപ്രകാരം അന്വേഷണം നടത്തി ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ബോർഡിന്റെ അതത് ഓഫീസ് മേധാവികൾ ചട്ടം 98 പ്രകാരം നിർമ്മാണാനുമതി നല്കി വരുന്നത്. |

സെക്ഷൻ ഓഫീസർ